**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 144** **27-06-2022 - ൽ മറുപടിയ്ക്ക്**

**ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ഡ്യൂട്ടി സമയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ഗവ.സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർമാർ ഡ്യൂട്ടി സമയത്ത് ഫുൾ യൂണിഫോം ധരിച്ചിരിക്കണമെന്ന ഉത്തരവ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ യൂണിഫോം ധരിക്കുന്നതും കൃത്യമായി ഡ്യൂട്ടിക്ക് എത്തുന്നതും പരിശോധിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | 04/09/1997- ലെ (സാധാ)നം7462/97/പൊ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർമാർ ഡ്യൂട്ടി സമയത്ത് ഫുൾ യൂണിഫോം ധരിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിൽ ലിഫ്റ്റ് സൂപ്പർവൈസർമാർക്ക് യൂണിഫോം അലവൻസ് അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിൽ യൂണിഫോം ധരിക്കുന്നില്ല. ബയോമെട്രിക് പഞ്ചിംഗിലൂടെ ഡ്യൂട്ടിക്ക് ഹാജരാകുന്നത് പരിശോധിക്കുന്നുണ്ട്. |
| (ബി) | ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ഡ്യൂട്ടി സമയം എത്രയാണെന്നും ഡ്യൂട്ടിക്ക് എത്തുന്നതും തിരികെ പോകുന്നതും ഡ്യൂട്ടി രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ടോയെന്നും വിശദാംശം ലഭ്യമാക്കുമോ; | (ബി) | ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ഡ്യൂട്ടി സമയം രാവിലെ 7.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയും, ഉച്ചയ്ക്ക് 1.30 മുതൽ രാത്രി 8.30 വരെയും രണ്ട് ഷിഫ്റ്റുകളിലായാണ് ക്രമീകരിച്ചിരിക്കുന്നത്. മൂന്ന് സൂപ്പവൈസർമാരിൽ ഒരാളെ ജനറൽ ഷിഫ്റ്റിൽ ഉൾപ്പെടുത്തി രാവിലെ 10.00 മുതൽ വൈകിട്ട് 5.00 വരെ ഡ്യൂട്ടി നൽകുന്നുണ്ട്. ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഉള്ളതുകൊണ്ടും ഹാജർ ബുക്കിൽ ഒപ്പ് രേഖപ്പെടുത്തുന്നതുകൊണ്ടും നിലവിൽ ലിഫ്റ്റ് സൂപ്പർവൈസർമാർക്ക് പ്രത്യേക ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. |
| (സി) | പലപ്പോഴും ലിഫ്റ്റിൽ ഓപ്പറേറ്റർമാർ ഇല്ലാതിരിക്കുന്നതും ഇതിന് മേൽനോട്ടം വഹിക്കേണ്ട സൂപ്പർവൈസർമാർ സ്ഥലത്ത് ഇല്ലാതെ ഉത്തരവാദിത്വത്തിൽ നിന്നും മാറി നിൽക്കുന്നതും യൂണിഫോം ധരിക്കാതെ ഇരിക്കുന്നതും പരിശോധിക്കാനും നിയന്ത്രിക്കാനുമുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ; | (സി) | ലിഫ്റ്റ് ഓപ്പറേറ്റർമാരുടെയും ലിഫ്റ്റ് സൂപ്പർവൈസർമാരുടെയും ഡ്യൂട്ടി പരിശോധിക്കാനും നിയന്ത്രിക്കാനുമുള്ള ഉത്തരവാദിത്വം ലിഫ്റ്റിന്റെ ചുമതലയുള്ള അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ / സാർജന്റിന് ആണ്. |
| (ഡി) | ഓഫീസ് സമയശേഷവും അവധി ദിവസങ്ങളിലും രാത്രിയിലും ലിഫ്റ്റ് പ്രവർത്തിക്കുന്നതിനാൽ | (ഡി) | ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ ചുമതല ലിഫ്റ്റ് സൂപ്പർവൈസർമാർക്കും സൂപ്പർവൈസർമാരുടെ |

| | | | |
|---|---|---|---|
| | ലിഫ്റ്റുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ജീവനക്കാരെ നിയന്ത്രിക്കുന്നതും ഡ്യൂട്ടി പരിശോധിക്കുന്നതിനുള്ള ചുമതല ചീഫ് സെക്യൂരിറ്റി ഓഫീസർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | | ചുമതല അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ / സാർജന്റിനുമാണ്. ഇതുമായി ബന്ധപ്പെട്ട 04/09/1997 ലെ സർക്കാർ ഉത്തരവ് കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 144

27/06/2022 - ൽ മറുപടിയ്ക്ക്

## ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ഡ്യൂട്ടി സമയം

| | ചോദ്യം<br>ശ്രീ.സി ആർ മഹേഷ് | | മറുപടി<br>ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
|---|---|---|---|
| (എ) | ഗവ. സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർമാർ ഡ്യൂട്ടി സമയത്ത് ഏൾ യൂണിഫോം ധരിച്ചിരിക്കണമെന്ന ഉത്തരവ് നിലവിൽ ഉണ്ടോ; ഉണ്ടെങ്കിൽ യൂണിഫോം ധരിക്കുന്നതും കൃത്യമായി ഡ്യൂട്ടിക്ക് എത്തുന്നതും പരിശോധിക്കാറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | 04/09/1997- ലെ (സാധാ)നം7462/97/പൊ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരം സെക്രട്ടേറിയറ്റിലെ ലിഫ്റ്റ് സൂപ്പർവൈസർമാർ ഡ്യൂട്ടി സമയത്ത് ഏൾ യൂണിഫോം ധരിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. പതിനൊന്നാം ശമ്പള പരിഷ്കരണ ഉത്തരവിൽ ലിഫ്റ്റ് സൂപ്പർവൈസർമാർക്ക് യൂണിഫോം അലവൻസ് അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിലവിൽ യൂണിഫോം ധരിക്കുന്നില്ല ബയോമെട്രിക് പഞ്ചിംഗിലൂടെ ഡ്യൂട്ടിക്ക് ഹാജരാകുന്നത് പരിശോധിക്കുന്നുണ്ട്. |
| (ബി) | ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ഡ്യൂട്ടി സമയം എത്രയാണെന്നും ഡ്യൂട്ടിക്ക് എത്തുന്നതും തിരികെ പോകുന്നതും ഡ്യൂട്ടി രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ടോയെന്നും വിശദാംശം ലഭ്യമാക്കുമോ; | (ബി) | ലിഫ്റ്റ് സൂപ്പർവൈസർമാരുടെ ഡ്യൂട്ടി സമയം രാവിലെ 7.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയും, ഉച്ചയ്ക്ക് 1.30 മുതൽ രാത്രി 8.30 വരെയും രണ്ട് ഷിഫ്റ്റുകളിലായാണ് ക്രമീകരിച്ചിരിക്കുന്നത്. മൂന്ന് സൂപ്പർവൈസർമാരിൽ ഒരാളെ ജനറൽ ഷിഫ്റ്റിൽ ഉൾപ്പെടുത്തി രാവിലെ 10.00 മുതൽ വൈകിട്ട് 5.00 വരെ ഡ്യൂട്ടി നൽകുന്നുണ്ട്. ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഉള്ളതുകൊണ്ടും ഹാജർ ബുക്കിൽ ഒപ്പ് രേഖപ്പെടുത്തുന്നതുകൊണ്ടും നിലവിൽ ലിഫ്റ്റ് സൂപ്പർവൈസർമാർക്ക് പ്രത്യേക ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നില്ല. |
| (സി) | പലപ്പോഴും ലിഫ്റ്റിൽ ഓപ്പറേറ്റർമാർ ഇല്ലാതിരിക്കുന്നതും ഇതിന് മേൽനോട്ടം വഹിക്കേണ്ട സൂപ്പർവൈസർമാർ സ്ഥലത്ത് ഇല്ലാതെ ഉത്തരവാദിത്വത്തിൽ നിന്നും മാറി നിൽക്കുന്നതും യൂണിഫോം ധരിക്കാതെ ഇരിക്കുന്നതും പരിശോധിക്കാനും നിയന്ത്രിക്കാനുമുള്ള ഉത്തരവാദിത്വം ആർക്കാണെന്ന് വ്യക്തമാക്കാമോ; | (സി) | ലിഫ്റ്റ് ഓപ്പറേറ്റർമാരുടെയും ലിഫ്റ്റ് സൂപ്പർവൈസർമാരുടെയും ഡ്യൂട്ടി പരിശോധിക്കാനും നിയന്ത്രിക്കാനുമുള്ള ഉത്തരവാദിത്വം ലിഫ്റ്റിന്റെ ചുമതലയുള്ള അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ /സാർജന്റിന് ആണ്. |
| (ഡി) | ഓഫീസ് സമയശേഷവും അവധി ദിവസങ്ങളിലും രാത്രിയിലും ലിഫ്റ്റ് പ്രവർത്തിക്കുന്നതിനാൽ ലിഫ്റ്റുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ജീവനക്കാരെ നിയന്ത്രിക്കുന്നതും ഡ്യൂട്ടി പരിശോധിക്കുന്നതിനുള്ള ചുമതല ചീഫ് സെക്യൂരിറ്റി ഓഫീസർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ ചുമതല ലിഫ്റ്റ് സൂപ്പർവൈസർമാർക്കും സൂപ്പർവൈസർമാരുടെ ചുമതല അസിസ്റ്റന്റ് സെക്യൂരിറ്റി ഓഫീസർ /സാർജന്റിനുമാണ്. ഇതുമായി ബന്ധപ്പെട്ട 04/09/1997 ലെ സർക്കാർ ഉത്തരവ് കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

Scanned by CamScanner

അനുബന്ധം

## ലിഫ്റ്റ് സൂപ്പർവൈസർ തസ്തികയുടെ ചുമതലകളും ഉത്തരവാദിത്വവും

[സർക്കാർ ഉത്തരവ് (സാധാ) നമ്പർ 7462/97/പൊ.ഭ.വ. തീയതി 04.09.1997]

1. ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ 'ഷിഫ്റ്റ്-ഇൻ-ചാർജ്' എന്ന ഉത്തരവാദിത്വം സൂപ്പർവൈസർമാർ നിർവ്വഹിക്കേണ്ടതാണ്.

2. ഡ്യൂട്ടി സമയത്ത് സൂപ്പർവൈസർ യൂണിഫോം ധരിച്ചിരിക്കണം.

3. സൂപ്പർവൈസർമാർ സാർജന്റിന്റെ നിയന്ത്രണത്തിൽ ആയിരിക്കും.

4. സൂപ്പർവൈസർമാരുടെ ജോലിസമയം രാവിലെ 7.30 മുതൽ ഉച്ചയ്ക്ക് 1.30 വരെയും ഉച്ചയ്ക്ക് 1.30 മുതൽ രാത്രി 8.30 വരെയും ആയിരിക്കും. ഷിഫ്റ്റുകൾ ആഴ്ചതോറും മാറുന്നതാണ്. ഇവർക്ക് ഹോളിഡേ ഡ്യൂട്ടി ബാധകമാകുകയില്ല.

5. ഷിഫ്റ്റിലുള്ള ലിഫ്റ്റ് ഓപ്പറേറ്റർമാരുടെ മേൽനോട്ടവും നിയന്ത്രണവും ലിഫ്റ്റ് സൂപ്പർവൈസർമാരിൽ നിക്ഷിപ്തമായിരിക്കും.

6. ലിഫ്റ്റ് ഓപ്പറേറ്റർമാർ തങ്ങളുടെ ഔദ്യോഗിക കൃത്യനിർവ്വഹണ സമയം കൃത്യമായി പാലിക്കുന്നുണ്ടെന്നും സൂപ്പർവൈസർമാർ ഉറപ്പുവരുത്തേണ്ടതാണ്.

7. ഡ്യൂട്ടിയിലുള്ള ലിഫ്റ്റ് ഓപ്പറേറ്റർമാർ എല്ലാ ലിഫ്റ്റുകളും ഷെഡ്യൂൾ അനുസരിച്ച് പ്രവർത്തിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തുകയും ആവശ്യമെങ്കിൽ പകരക്കാരനായി ജോലി ചെയ്യേണ്ടതുമാണ്.

8. ഡ്യൂട്ടിയിൽ ആയിരിക്കുന്ന ലിഫ്റ്റ് ഓപ്പറേറ്റർമാരെ ആവശ്യാനുസരണം ലഘുഭക്ഷണത്തിനും മറ്റ് അത്യാവശ്യങ്ങൾക്കുമായി ലിഫ്റ്റ് സൂപ്പർവൈസർ വിടുതൽ ചെയ്യേണ്ടതാണ്.

9. ഡ്യൂട്ടി സമയം തീരുന്നതുവരെയും സൂപ്പർവൈസർ ഓപ്പറേറ്റർമാരോടൊപ്പം ഉണ്ടായിരിക്കേണ്ടതാണ്.

10. ലിഫ്റ്റ് സൂപ്പർവൈസർ ആരെങ്കിലും ഹാജരാകാതിരിക്കുന്ന ദിനങ്ങളിൽ അവരുടെ സൂപ്പർവൈസറി ചുമതലകൾ സാർജന്റ് തന്നെ നിർവ്വഹിക്കുന്നതാണ്.

Scanned by CamScanner